# തലശ്ശേരി അതിരൂപത
**വിശ്വാസപരിശീലനകേന്ദ്രം**

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - മെയ് 2018

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. ആമുഖസെമിനാർ മെയ് 30 – ജൂൺ 02

മതാധ്യാപനരംഗത്തേക്ക് ആദ്യമായി കടന്നുവരുന്നവർക്കുള്ള സെമിനാറാണിത്. പുതിയതായി ചേർന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ. സെമിനാർ മെയ് 30ന് ബുധനാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ജൂൺ 02ന് ശനിയാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്നു. ഫീസ് 700 രൂപയായിരിക്കും പങ്കെടുക്കുന്നവരുടെ വിവരം ഓഫീസിൽ മെയ് 15ന് മുമ്പ് അറിയിക്കേണ്ടതാണ്.

### 2. മതബോധന ഞായർ ജൂൺ 03

2018–19 അധ്യയനവർഷത്തെ പ്രഥമ സൺഡേസ്കൂൾ പ്രവർത്തന ങ്ങൾക്ക് 2018 ജൂൺ 3ന് ഞായറാഴ്ച തുടക്കം കുറിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയന വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപംകൊടുക്കുകയും ചെയ്യുമല്ലോ.

### 3. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 8–9 (വെള്ളി, ശനി)

2018–2019 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽ വച്ച് ജൂൺ 8ന് വെള്ളിയാഴ്ച്ച വൈകുന്നേരം 5മണിക്ക് ആരംഭിച്ച് ജൂൺ 9 ശനിയാഴ്ച്ച ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

**4. ജൂബിലി :** മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോൺനമ്പറും മെയ് 15ന് മുമ്പ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നേരത്തെ ആയതിനാൽ ഓഫീസിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യസമയത്ത് തന്നെ ചെയ്ത് സഹകരിക്കുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിനോടനുബന്ധിച്ച് ജൂൺ 9ന് ശനിയാഴ്ച്ച അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുയോഗത്തിൽ (11.00 മണിക്ക്) സംബന്ധിക്കുവാൻ അവരെ അറിയിക്കേണ്ടതാണ്.

### 5. പാഠപുസ്തക – ഉപപാഠപുസ്തക വിതരണം

പാഠപുസ്തകങ്ങളുടെയും ഓഫീസിലേക്ക് ആവശ്യമായ മറ്റു ബുക്കുകളുടേയും വിലകളടങ്ങുന്ന ലിസ്റ്റ് മെയ് 20ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുസ്തകങ്ങൾ ജൂൺ 4 നുശേഷം ഫൊറോനാ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത വിവരങ്ങളും വെബ്സൈറ്റിലൂടെ അറിയിക്കുന്നതായിരിക്കും.

### 6. ഹാജരിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹന സമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേർ വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

### 7. ഹാജരിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേർ വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 8. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റേയും ഹെഡ്മാസ്റ്ററിന്റേയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം 40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ മെയ് 5നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പേർ വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ മെയ് 5നുള്ളിൽ ഓഫീസിലറിയിച്ച് തിരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനുശേഷം വരുന്ന തിരുത്തലുകൾക്കും

പുതിയസർട്ടിഫിക്കറ്റിനും 25രൂപ ഓഫീസിൽ അടക്കേണ്ടതാണ്.

## 9. ഡിപ്ലോമ പരീക്ഷാഫലം

2017-2018 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാഫലം താഴെ ചേർക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | | |
|---|---|---|---|
| 1. | റോസ് മരിയ വടക്കേടത്ത് | മണിക്കടവ് | ഒന്നാം റാങ്ക് |
| 2. | കൊച്ചുത്രേസ്യാ മുണ്ടയ്ക്കത്തറപ്പേൽ | ആലക്കോട് | രണ്ടാം റാങ്ക് |
| 3. | എയ്ഞ്ചൽ ജോർജ് തകിടിപ്പുറത്ത് | പൂപ്പറമ്പ് | മൂന്നാം റാങ്ക് |

| | ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|---|
| 1. | മാർട്ടീന രാമനാട്ട് | മണക്കടവ് | ആലക്കോട് |
| 2. | ജോൺസ് കുഴിഞ്ഞാലിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. | മരിയ പരിന്തിരിക്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| 4. | ആൻ തെരേസ കൈതക്കൽ | പുളിങ്ങോം | ചെറുപുഴ |
| 5. | ക്രിസ്റ്റീന പുളിക്കലാത്ത് | എടൂർ | എടൂർ |
| 6. | ഗ്രെയ്സ് മേരി പറകൊട്ടിയേൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. | ഹെലൻ കുളത്തിനാപ്പാറയിൽ | കുന്നോത്ത് | കുന്നോത്ത് |
| 8. | തെരേസ് ചാവനാലിൽ | റയറോം | മേരിഗിരി |
| 9. | മേരി നെറ്റിക്കാട്ടിൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 10. | ജോർജ് കളപ്പുരക്കൽ | ഏറ്റുപാറ | പൈസക്കരി |
| 11. | ജോസഫ് കുന്നിനിതോട്ടത്തിൽ | പടിമരുത് | പനത്തടി |
| 12. | അന്നമ്മ എഴുത്തുപ്പള്ളിക്കൽ | മേൽമുരിങ്ങോടി | പേരാവൂർ |
| 13. | ട്രീസ പെരുമ്പനാനി | പരിയാരം | തളിപ്പറമ്പ് |
| 14. | അന്ന മുരിങ്ങയിൽ | കണ്ണിവയൽ | തോമാപുരം |
| 15. | റോസ് മാത്യു കുറ്റിയാനിമറ്റത്തിൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. | റോസ് അമ്മിയാനിക്കൽ | മാലോം | വെള്ളരിക്കുണ്ട് |

## 10. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ എല്ലാ അധ്യാപകരുടേയും മുഴുവൻ കുട്ടികളുടേയും പേര് വിവരങ്ങൾ ഇനിയും ചേർക്കാത്തവർ എത്രയും വേഗം ചേർക്കേണ്ടതാണ്.

## 11. വിവിധ കുടിശികകൾ

2017-2018 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും മെയ് 10ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനുശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ